പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5475 27/03/2018 ൽ മറുപടിക്ക്

കൃഷി ഓഫീസർ തസ്തികയിൽ യോഗ്യത ഇല്ലാത്തവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിൽ 10 വർഷം സർവ്വീസ് ഉള്ളതും യോഗ്യത പരീക്ഷ പാസ്സായതുമായ കൃഷി അസിസ്റ്റന്റുമാർക്ക് നീക്കിവെച്ച 13% കൃഷി ഓഫീസർ തസ്തികയിൽ ഈ യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) ബി.എസ്.സി അഗ്രികൾച്ചർ ബിരുദം നേടി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യത ഇല്ലാതെവരുന്ന കൃഷി ഓഫീസർ തസ്തികയിൽ പ്രസ്തുത യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; | (ബി) ചോദ്യം വ്യക്തമല്ല. |
| (സി) ബി.എസ്.സി അഗ്രികൾച്ചർ ബിരുദവും 3 വർഷ സർവ്വീസുമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് നീക്കിവെച്ച 2% കൃഷി ഓഫീസർ തസ്തികയിൽ ഈ യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി& (ഡി) ബി.എസ്.സി അഗ്രികൾച്ചർ യോഗ്യത നേടിയതിന് ശേഷം 3 വർഷം സേവനപരിചയമില്ലാതെ ബി.എസ്.സി ബിരുദമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് നീക്കി വെച്ചിട്ടുള്ള 2% കൃഷി ഓഫീസർ തസ്തികയിൽ ഒരാൾക്ക് നിയമനം നൽകിയതായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ് & |

എസ്.എസ്.ആർ ചട്ടങ്ങളിലെ ചട്ടം 10(ab) പ്രകാരം ഏതെങ്കിലും സർവ്വീസിലെ ഒരു തസ്തികയിലേയ്ക്ക് പരിചയയോഗ്യത നിർണ്ണയിക്കുന്നിടത്ത് അത് മറ്റുപ്രകാരത്തിൽ വ്യക്തമാക്കാത്തപക്ഷം പ്രസ്തുത തസ്തികയിലേയ്ക്ക് നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാനയോഗ്യത നേടിയതിന് ശേഷം റഗുലർ/താത്കാലിക നിയമനത്തിലൂടെ ആർജ്ജിച്ചിട്ടുള്ള പരിചയ യോഗ്യതയാണ് കണക്കാക്കേണ്ടത്. ആയതിനാൽ 10-07-2008-ലെ ജി.ഒ.(ആർ.ടി) 1342/2008/കൃഷി സർക്കാർ ഉത്തരവിൽ 3 വർഷം സർവ്വീസ് എന്ന് പരാമർശിച്ചിരിക്കുന്നത് ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യത നേടിയതിനുശേഷമുള്ള 3 വർഷത്തെ സർവ്വീസ് ആണെന്ന വിവരം 30.07.2016 ലെ 575476/ഇഎ 2/16/കൃഷി നമ്പർ കത്തിലൂടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സ്പഷ്ടീകരിച്ച് നൽകിയിരുന്നു. 2/9/2017 ലെ സ ഉ (സാധ ാ)838/2017/ കൃഷി

ഉത്തരവിൽ ബി എസ് സി (കൃഷി) ബിരുദം നേടിയതിനുശേഷം

3 വർഷത്തെ സേവനമുള്ള കൃഷി അസിസ്റ്റന്റ്മാർക്ക് 2% തസ്തിക നീക്കിവച്ചുകൊണ്ടാണ് മേൽ പരാമർശിച്ച 10/7/2008 ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ് & എസ്.എസ്.ആർ ചട്ടങ്ങളിലെ ചട്ടം 10(ab) യുടെ അടിസ്ഥാനത്തിൽ അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 24/3/2018 ലെ കത്ത് മുഖാന്തിരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബി.എസ്.സി അഗ്രികൾച്ചർ യോഗ്യത നേടിയതിനുശേഷം 3 വർഷം സേവനപരിചയമില്ലാതെ കൃഷി ഓഫീസർ തസ്തികയിൽ നിയമിച്ചിരുന്ന കൃഷി

ഓഫീസർക്കെതിരെ കെ.എസ് &എസ്.എസ്.ആർ ചട്ടങ്ങളിലെ ചട്ടം 10(ab) യുടെ അടിസ്ഥാനത്തിലും 30.07.2016 ലേയും 24.03.2018 ലേയും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പറഞ്ഞ മൂന്ന് വിഭാഗങ്ങളിലുംപെടാത്ത ആരെങ്കിലും കൃഷി വകുപ്പിൽ കൃഷി ഓഫീസറായി ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ നിയമന വ്യവസ്ഥ വിശദീകരിക്കാമോ?

Manoj M

**സെക്ഷൻ ഓഫീസർ**